# പതിനാലാം കേരള നിയമസഭ
# പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 160 28.10.2019-ൽ മറുപടിക്ക്

## പി.എസ്.സി റാങ്ക് പട്ടികയിൽ കത്ത് കേസിലെ പ്രതികൾ മുൻനിരയിലെത്തിയ സാഹചര്യം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.പാറക്കൽ അബ്ദുല്ല | | പിണറായി വിജയൻ (മുഖ്യമന്ത്രി) |
| (എ) യൂണിവേഴ്സിറ്റി കോളേജിൽ സഹപാഠിയെ കുത്തിയ കേസിലെ പ്രതികൾ പി.എസ്.സി റാങ്ക് പട്ടികയിൽ മുൻനിരയിലെത്തിയ സാഹചര്യത്തെ കുറിച്ചുള്ള ക്രൈംബ്രാഞ്ച് അന്വേഷണം ഇതിനകം പുറത്തുകൊണ്ടു വന്ന വസ്തുതകൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;<br><br>(ബി) പ്രസ്തുത കേസിലെ ഒന്നാം പ്രതി ശിവരഞ്ജിത്ത് സിവിൽ പോലീസ് ഓഫീസർ തസ്തികയിലേക്കുള്ള പി.എസ്.സി റാങ്ക് പട്ടികയിൽ ഒന്നാം റാങ്കും, രണ്ടാം പ്രതി നസീം ഇരുപത്തിയെട്ടാം റാങ്കും , പതിനെഴാം പ്രതി പ്രണവ് രണ്ടാം റാങ്കും കരസ്ഥമാക്കുകയുണ്ടായോ;<br><br>(സി) മൂന്ന് കേന്ദ്രങ്ങളിലായി പരീക്ഷ എഴുതിയ ഇവർ മൂന്നു പേർക്കും ഒരേ കോഡിലുള്ള ചോദ്യക്കടലാസ് ലഭിച്ചതിനു പിന്നിലെ അസ്വാഭാവികതയെക്കുറിച്ച് അന്വേഷിക്കുകയുണ്ടായോ;എങ്കിൽ വിശദാംശങ്ങൾ നൽകുമോ;<br><br>(ഡി) ഒന്നാം പ്രതി ശിവരഞ്ജിത്തിന്റെയും പതിനേഴാം പ്രതി പ്രണവിന്റെയും ഫോണുകളിലേക്ക് പരീക്ഷാ സമയത്ത് അസാധാരണമാം വിധം എസ്.എം.എസുകൾ വന്നതായി കണ്ടെത്തുകയുണ്ടായോ; ഒരേ നമ്പരിൽ നിന്ന് 90 വീതം സന്ദേശങ്ങൾ ഈ വിധം ഒന്നേകാൽ മണിക്കൂറിനുള്ളിൽ ഇവരുടെ ഫോണുകളിലേക്ക് എത്തുകയുണ്ടായോ; | (എ), (ബി), (സി) & (ഡി) | കേരളാ പി.എസ്.സി യുടെ കാറ്റഗറി നം.657/2017 വിജ്ഞാപന പ്രകാരം ആംഡ് പോലീസ് ബറ്റാലിയനുകളിലെ സിവിൽ പോലീസ് ഓഫീസർ തസ്തികയിലേയ്ക്ക് കാസർഗോഡ് ജില്ലയ്ക്ക് വേണ്ടി, 27/7/2018-ാം തീയതി നടന്ന പി.എസ്.സി പരീക്ഷയിൽ ക്രമക്കേട് സംബന്ധിച്ച് ആരോപണമുയർന്നതിനെ തുടർന്ന് പി.എസ്.സിയുടെ ഇന്റേണൽ വിജിലൻസ് അന്വേഷണം നടത്തുകയുണ്ടായി. തുടർന്ന് ഇത് സംബന്ധിച്ച് ക്രിമിനൽ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തുന്നതിനായി കമ്മീഷൻ സെക്രട്ടറി സംസ്ഥാന പോലീസ് മേധാവിക്ക് പരാതി നൽകി. അതേതുടർന്ന് ഒന്നുമുതൽ മൂന്നുവരെ പ്രതികൾക്ക് മേൽപ്പറയുന്ന പി.എസ്.സി പരീക്ഷയിൽ ഉന്നത റാങ്ക് കരസ്ഥമാക്കി പോലീസിൽ ജോലി നേടുക എന്ന ഉദ്ദേശ്യത്തോടെ, മറ്റ് പ്രതികളുമായി ഗൂഡാലോചന നടത്തി നാല് മുതൽ ആറ് വരെ പ്രതികളുടെ സഹായത്തോടെ ഇലക്ട്രോണിക് ഉപകരണങ്ങൾ ഉപയോഗിച്ച് പരീക്ഷയിൽ ക്രമക്കേട് നടത്തിയതായുള്ള കാര്യത്തിന് 7/8/2019-ൽ ക്രൈം നം.429/CB/TVM/D/2019 u/s 406, 420, 120(B), 201, 34 IPC & 43 (a&b) 66 of IT Act പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് തിരുവനന്തപുരം ക്രൈം ബ്രാഞ്ച് യൂണിറ്റ് അന്വേഷണം നടത്തി വരുന്നു. ബന്തവസ്സിലെടുത്ത ഇലക്ട്രോണിക് ഉപകരണങ്ങൾ ഫോറൻസിക് സയൻസ് ലബോറട്ടറിയിൽ പരിശോധനയ്ക്ക് അയച്ചിട്ടുള്ളതുമാണ്. |

(ഇ) ഉത്തരങ്ങൾ അയയ്ക്കാനും അത് സ്വീകരിക്കാനും ഉപയോഗിച്ച മൊബൈൽ ഫോൺ, സ്മാർട്ട് വാച്ച് എന്നിവ ഇനിയും കണ്ടെത്താത്ത സാഹചര്യമുണ്ടോ; ഉത്തരങ്ങൾ എസ്.എം.എസ് ചെയ്ത പോലീസുകാർക്ക് ചോദ്യങ്ങൾ എങ്ങനെ ലഭിച്ചു എന്ന കാര്യം അവർ വ്യക്തമാക്കുകയുണ്ടായോ; ഈ സാഹചര്യത്തിൽ തീർത്തും സ്വതന്ത്രമായി പ്രവർത്തിക്കുന്ന ഭരണഘടനാ സ്ഥാപനമായ പി.എസ്.സി.യുടെ വിശ്വാസ്യത ഉറപ്പു വരുത്താനും കുറ്റവാളികളെ നിയമത്തിനു മുന്നിൽ കൊണ്ടുവരാനും ഒരു സ്വതന്ത്ര ഏജൻസിയെക്കൊണ്ട് കേസ് അന്വേഷിക്കുന്ന കാര്യം പരിഗണിക്കുമോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ?

(ഇ) പി.എസ്.സി പരീക്ഷകൾ കുറ്റമറ്റ രീതിയിലും സൂക്ഷ്മതയോടും കൂടി നടത്തുന്നതിലേയ്ക്കായി മാർഗ്ഗനിർദ്ദേശങ്ങൾ പരിഷ്കരിച്ച് തുടർന്ന് നടന്ന പരീക്ഷകളിൽ ആയവ ഫലപ്രദമായ രീതിയിൽ നടപ്പിലാക്കിവരുന്നു.

സെക്ഷൻ ഓഫീസർ